ആസ്ഥാനത്ത് നിലവിൽ ഒരു ഹൈടെക് സെല്ലും പ്രവർത്തിച്ചുവരുന്നു. GO (MS)No.67/14/Home തീയതി 22-8-2014 പ്രകാരം ഒരു സൈബർ ഡോം ടെക്നോപാർക്കിൽ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജി.ഒ. എം.എസ് നമ്പർ 79/2014/ ഹോം തീയതി 26-4-2014 പ്രകാരം സൈബർ പോലീസ് സ്റ്റേഷനുകളിലേക്ക് ഒരു ഡിവൈ.എസ്.പി.-യുടെയും 4 ഇൻസ്പെക്ടർ ഓഫ് പോലീസിന്റെയും തസ്തിക അനുവദിച്ചിട്ടുണ്ട്. കൂടാതെ ജി.ഒ.(എംഎസ്.)194/13/ഹോം തീയതി 1-8-2013 പ്രകാരം സൈബർ സെല്ലുകളിലേക്ക് ആവശ്യമായ 133 തസ്തികകൾ വിവിധ വിഭാഗങ്ങളിലായി സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ, പാസ്സ്വേർഡ് ക്രാക്കർ, ഹാർഡ്വെയർ, ആന്റ് സോഫ്റ്റ്വെയർ മൊബൈൽ ഫോൺ, എസ്കാക്കർ, കോൾ ഡാറ്റാ അനാലിസിസ് സോഫ്റ്റ്വെയർ, സൈബർ ഫോറൻസിക് ടൂൾസ് മുതലായ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

മാഫിയ അതിക്രമങ്ങളുടെ നിയന്ത്രണം

135 (1840) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദൈനംദിനം വളർന്നുവരുന്ന മണൽമാഫിയ, പാറഖനന (ക്വാറി) മാഫിയ, സ്പിരിറ്റ് മാഫിയ, പെൺവാണിഭ മാഫിയ, കഞ്ചാവ് മാഫിയ, ഡി.ജെ. പാർട്ടി നടത്തിപ്പു മാഫിയ, മനുഷ്യക്കടത്ത്/കുട്ടികളെ കടത്ത് മാഫിയ, ബ്ലേഡ് മാഫിയ, അന്യസംസ്ഥാന തൊഴിലാളി ക്രിമിനലുകളുടെ മാഫിയാ, പ്രായപൂർത്തിയാകാത്ത കുട്ടികളെക്കൊണ്ട് തൊഴിലെടുപ്പിക്കുന്ന ഹോട്ടൽ മാഫിയ എന്നിവരുടെ പ്രവർത്തനം നാൾക്കുനാൾ കൂടിവരുന്നതു നിയന്ത്രിക്കാൻ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മാഫിയകളുടെ അതിക്രമങ്ങൾക്കു വിധേയമായവരിൽനിന്നും 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും എത്ര കേസ്സുകൾ സംസ്ഥാനത്ത് വിവിധ ജില്ലകളിലായി രജിസ്റ്റർ ചെയ്തു ; എത്ര കേസ്സുകളിൽ പ്രതികളെ അറസ്റ്റു ചെയ്തു ; എത്ര കേസ്സുകളിൽ പ്രതികളെ അറസ്റ്റ് ചെയ്യുവാനുണ്ട് ; വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇത്തരം വിവിധ മാഫിയാ പ്രവർത്തനങ്ങളുടെ ഭാഗമായി എത്ര പോലീസ്/ മറ്റു സർക്കാർ ജീവനക്കാരുടെ പേരിൽ പരാതികളും പോലീസ് നിരീക്ഷണത്തിൽ കണ്ടെത്തിയവരും ഉണ്ട് ; എത്രപേരെ അറസ്റ്റു ചെയ്തു ; ഇനി എത്രപേരെ അറസ്റ്റു ചെയ്യുവാനുണ്ട് ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇത്തരം മാഫിയകളുടെ അക്രമണങ്ങൾക്കു വിധേയമായി മരണപ്പെട്ടവർ, വീടു നഷ്ടപ്പെട്ടവർ, അക്രമണത്തിനു വിധേയമായി ആശുപത്രിയിൽ ചികിത്സ തേടേണ്ടി വന്നവർ ആരെല്ലാം, എന്നും 2011-12 മുതൽ 2015-16 വർഷം വരെയുള്ള വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിയമവിരുദ്ധ പ്രവർത്തനം നടത്തുന്ന സംഘങ്ങളെ അമർച്ച ചെയ്യുന്നതിനായി കർശനമായ നടപടികളാണ് പോലീസ് സ്വീകരിച്ചു വരുന്നത്. 'ഓപ്പറേഷൻ സുരക്ഷ', 'ഓപ്പറേഷൻ കുബേര' എന്നീ പദ്ധതികളിലൂടെ ക്രിമിനലുകളുടെ പ്രവർത്തനങ്ങൾ ഇല്ലായ്മ ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള നിയമങ്ങളനുസരിച്ച് കുറ്റക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത മാഫിയകളുടെ അതിക്രമങ്ങൾക്ക് വിധേയമായവരിൽനിന്നും 2011-12-ൽ 2 കേസ്സുകളും 2012-13-ൽ 6 കേസുകളും 2013-14-ൽ 3 കേസ്സുകളും 2014-15-ൽ 4 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി 15 കേസുകളിലും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വിവിധ മാഫിയ പ്രവർത്തനങ്ങളുടെ ഭാഗമായി പോലീസ് ഉദ്യോഗസ്ഥർക്കെതിരെയോ, മറ്റു സർക്കാർ ജീവനക്കാരുടെ പേരിലോ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇവരിൽ പോലീസ് നിരീക്ഷണത്തിൽ കണ്ടെത്തിയവരും ഇല്ല.

(ഡി) ഇത്തരം മാഫിയകളുടെ ആക്രമണങ്ങൾക്ക് വിധേയമായി ആരും മരണപ്പെടുകയോ ആർക്കും വീട് നഷ്ടപ്പെടുകയോ ചെയ്തിട്ടില്ല. ആശുപത്രിയിൽ ചികിത്സ തേടേണ്ടി വന്നവരുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

പോലീസ് സേനയുടെ അംഗബലം

136 (1841) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയുടെ അംഗബലം വർഷംതോറും 5% വർദ്ധിപ്പിക്കുന്നതാണെന്ന 2013-ലെ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) 2013-ൽ പ്രഖ്യാപിച്ച അത്യാധുനിക സജ്ജീകരണങ്ങളോടുകൂടി പ്രത്യേകം സജ്ജീകരിച്ച ട്രാഫിക് വിംഗ്, ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിനായി പ്രത്യേക പോലീസ് സേന എന്നിവയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly